ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 14.06.2025** **TIME : 07.25 PM**

## പ്രധാന

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഞ്ച് ദിവസത്തെ വിദേശ പര്യടനത്തിന് നാളെ തുടക്കം. സൈപ്രസ്, കാനഡ, ക്രൊയേഷ്യ രാജ്യങ്ങളിലാണ് സന്ദർശനം.
   **Prime Minister Narendra Modi's five-day foreign tour begins tomorrow. Visits to Cyprus, Canada and Croatia.**
2. ഇറാൻ- ഇസ്രായേൽ ആക്രമണത്തിൽ വ്യാപകനാശം. അമേരിക്കയുമായുള്ള ആണവ ചർച്ചയിൽ നിന്ന് പിന്മാറി ഇറാൻ.
   **Iran-Israel attack causes widespread damage. Iran withdraws from nuclear talks with the US.**
3. അഹമ്മദാബാദ് വിമാനാപകടം അന്വേഷിക്കാൻ ആഭ്യന്തര സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നത സമിതിക്ക് രൂപം നൽകുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി കെ. റാം മോഹൻ നായിഡു. വിമാനാപകടത്തിൽ മരിച്ചവരിൽ എട്ടുപേരെ തിരിച്ചറിഞ്ഞു.
   **A high-level committee will be formed under the leadership of the Home Secretary to investigate the Ahmedabad plane crash- Union Aviation Minister K. Ram Mohan Naidu says, Eight of the dead in the plane crash have been identified.**

4. **കേരളത്തിൽ വ്യാപക മഴ തുടരുന്നു. അഞ്ച് വടക്കൻ ജില്ലകളിൽ ഇന്നും നാളെയും റെഡ് അലർട്ട്.**

**Heavy rain continues in Kerala. Red alert in five northern districts today and tomorrow.**

5. **ഈ വർഷത്തെ നീറ്റ് പരീക്ഷാഫലം പ്രഖ്യാപിച്ചു. കേരളത്തിൽ നിന്ന് 73,328 പേർ യോഗ്യത നേടി.**

**This year's NEET exam results announced. 73,328 people qualified from Kerala.**

6. **ഐ സി സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീടം ദക്ഷിണാഫ്രിക്കയ്ക്ക്. ഓസ്ട്രേലിയയെ പരാജയപ്പെടുത്തിയത് 5 വിക്കറ്റിന്.**

**South Africa wins the ICC World Test Championship. They defeated Australia by 5 wickets.**

**&&&&&&&&&&&&&&&&&**

**HEAD LINE – 1**

**PM - VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഞ്ച് ദിവസത്തെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും. സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നി രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. നാളെ സൈപ്രസിലെത്തുന്ന പ്രധാനമന്ത്രി, സൈപ്രസ് പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തും. തുടർന്ന് ജി 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ശ്രീ മോദി മറ്റന്നാൾ കാനഡയിലെത്തും. ഈ മാസം 17 നാണ് ഉച്ചകോടി. 18ന് പ്രധാനമന്ത്രി ക്രൊയേഷ്യയും സന്ദർശിക്കും.

**&&&&&&&&&&&&&&&&&**

**NAIDU AHMEDABAD PLANE CRASH (INTRO)**

അഹമ്മദാബാദ് വിമാനാപകടം സംബന്ധിച്ച അന്വേഷണത്തിനായി ആഭ്യന്തര സെക്രട്ടറിയുടെ നേതൃത്വത്തിൽ, വിവിധ മേഖലകളിലെ വിദഗ്ദർ അടങ്ങുന്ന ഉന്നത അധികാര സമിതിക്ക് രൂപം നൽകുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി കെ റാം മോഹൻ നായിഡു. രാജ്യത്ത് നിലവിൽ, സർവീസ് നടത്തുന്ന ബോയിങ് 787 സീരിസിലുള്ള 34 വിമാനങ്ങൾ പരിശോധിക്കാൻ വ്യോമയാന ഡയറക്ടർ ജനറൽ നിർദേശം നൽകിയതായും അദ്ദേഹം അറിയിച്ചു. എട്ടു വിമാനങ്ങൾ ഇതിനകം തന്നെ പരിശോധിച്ച് കഴിഞ്ഞതായും മന്ത്രി വ്യക്തമാക്കി. വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് കണ്ടെടുത്തതായി പറഞ്ഞ കേന്ദ്ര വ്യോമയാന മന്ത്രി, അപകടത്തിൽ പെട്ടവരെ തിരിച്ചറിയുന്നതിനായി DNA പരിശോധന നടന്നു വരുന്നതായും പറഞ്ഞു. (വോയ്സ്)

**&&&&&&&&&&&&&&&&&**

**HEAD LINE – 3**

## PLANE CRASH

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ചവരുടെ എണ്ണം 254 ആയി. വിമാനത്തിൽ ഉണ്ടായിരുന്ന 242 പേർക്ക് പുറമെ പ്രദേശവാസികളും മരിച്ചവരിലുണ്ട്. സമീപവാസികളുടെ എട്ട് മൃതദേഹങ്ങൾ തിരിച്ചറിഞ്ഞ് കുടുംബങ്ങൾക്ക് കൈമാറി. നിലവിൽ, സിവിൽ ആശുപത്രിയിൽ പരിക്കേറ്റ 31 പേർ ചികിത്സയിലാണ്. വിമാന അന്വേഷണ സംഘം വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് അപകടസ്ഥലത്ത് നിന്ന് കണ്ടെടുത്തു. ഫോറൻസിക്

വിദഗ്ധരും വിശദമായ പരിശോധനകൾ ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## DAY IRAN-ISRAEL ATTACK

ഇറാനും ഇസ്രായേലും തമ്മിലുള്ള സംഘർഷം ശക്തമായി തുടരുന്നു. ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ ഇന്ന് പുലർച്ചെ ഇസ്രയേൽ മിസൈൽ ആക്രമണം നടത്തി. ഇന്നലെ ഇറാൻ ഇസ്രേയേലിലെ ടെൽ അവീവിലും പരിസര നഗരങ്ങളിലും മിസൈൽ ആക്രമണം നടത്തിയതിന് പകരമായാണ് ആക്രമണം. കഴിഞ്ഞ ദിവസം പുലർച്ചെ ഇസ്രായേൽ ഇറാനിലെ വിവിധ കേന്ദ്രങ്ങളിൽ വന്പിച്ച വ്യോമാക്രമണം നടത്തിയതാണ് സംഘർഷത്തിന് തുടക്കമായത്. ഇറാനിയൻ ആക്രമണങ്ങളിൽ മൂന്ന് പേർ കൊല്ലപ്പെടുകയും ഇരുപതോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു, അതേസമയം ഇറാനിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ 78 പേർ കൊല്ലപ്പെട്ടതായും 320 ലധികം പേർക്ക് പരിക്കേറ്റതായും യുഎന്നിലെ ഇറാൻ അംബാസഡർ റിപ്പോർട്ട് ചെയ്തു. ഇറാന്റെ ആണവ പദ്ധതിയെയും സൈനിക അടിസ്ഥാന സൗകര്യങ്ങളെയും ലക്ഷ്യമിട്ടാണ് വെള്ളിയാഴ്ച ആക്രമണം നടത്തിയതെന്ന് ഇസ്രായേൽ സൈന്യം പറഞ്ഞു. ഇറാനിലെ ഏറ്റവും ഉയർന്ന മൂന്ന് സൈനിക ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടു. ഏറ്റുമുട്ടൽ അവസാനിക്കില്ലെന്നും ആക്രമണങ്ങൾ തുടരുമെന്നും ഇറാനിയൻ ഉദ്യോഗസ്ഥൻ

പറഞ്ഞതായി അന്താരാഷ്ട്ര വാർത്താ ഏജൻസി അറിയിച്ചു.

&&&&&&&&&&&&&&&&&

## US-IRAN-NUCLEAR TALK

ആണവ വിഷയത്തിൽ അമേരിക്കയുമായി നടത്താനിരുന്ന ചർച്ചയിൽ നിന്ന് ഇറാൻ പിന്മാറി. ഇസ്രായേൽ ഇറാനെതിരെ ഏറ്റവും വലിയ സൈനിക ആക്രമണം നടത്തിയ ശേഷം സംഭാഷണം അർത്ഥശൂന്യമാണെന്ന് ഇറാൻ പറഞ്ഞു. ചർച്ചയും ഇസ്രായേലിൻറെ ആക്രമണ വും ഒരേ സമയം സാധ്യമല്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് പറഞ്ഞു. ഇസ്രായേൽ നടത്തുന്ന ആക്രമണങ്ങളിൽ യുഎസ് പങ്കാളിയാണെന്ന് ഇറാൻ നേരത്തെ ആരോപിച്ചിരുന്നു, എന്നാൽ വാഷിംഗ്ടൺ ആരോപണം നിഷേധിച്ചു. യുഎസ്-ഇറാൻ ആണവ ചർച്ചകളുടെ ആറാം റൗണ്ട് നാളെ ഒമാനിലെ മസ്കറ്റിൽ നടത്താനാണ് തീരുമാനിച്ചിരുന്നത്. രഹസ്യമായി ആണവായുധങ്ങൾ വികസിപ്പിക്കുന്നുണ്ടെന്ന ഇസ്രായേലിന്റെ ആരോപണം ഇറാൻ നിരസിച്ചു.

&&&&&&&&&&&&&&&&&

## MUMBAI-PRADHAN

ലോകം ഇന്ത്യയെ ഒരു ലക്ഷ്യകേന്ദ്രമായും വിജ്ഞാന പങ്കാളിയായും കാണുന്നുണ്ടെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. മഹാരാഷ്ട്രയിൽ അഞ്ച് വിദേശ

സർവകലാശാലകളുടെ കാമ്പസുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മുംബൈയിൽ നടന്ന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത് ഭാരതിലേക്കുള്ള യാത്രയിൽ വിദ്യാഭ്യാസം രാജ്യത്തിന്റെ സുരക്ഷിതമായ ഭാവി ഉറപ്പാക്കും. സംരംഭകത്വത്തിലും അറിവിലും മഹാരാഷ്ട്ര മുന്നിലാണെന്നും ഇപ്പോൾ വിദ്യാഭ്യാസ മേഖലയിലും ഉയർന്നുവരുന്നതായി അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും ചടങ്ങിൽ പങ്കെടുത്തു.

**&&&&&&&&&&&&&&&&&**

**HEAD LINE – 5**

## NTA-NEET UG 2025 RESULT

ഈ വർഷത്തെ നീറ്റ് പരീക്ഷാഫലം പ്രഖ്യാപിച്ചു. രാജ്യത്ത് 22 ലക്ഷത്തിലധികം പേർ പരീക്ഷ എഴുതിയതിൽ 12 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾ യോഗ്യത നേടി.കേരളത്തിൽ നിന്ന് പരീക്ഷ എഴുതിയ 73,328 പേർ യോഗ്യത നേടി. പരീക്ഷാഫലം neet.nta.nic.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ഉത്തരസൂചികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജസ്ഥാനിൽ നിന്നുള്ള മഹേഷ് കുമാർ ഒന്നാം സ്ഥാനവും മധ്യപ്രദേശിൽ നിന്നുള്ള ഉത്കർഷ് അവാദിയ രണ്ടാം സ്ഥാനവും മഹാരാഷ്ട്രയിൽ നിന്നുള്ള കൃഷാങ് ജോഷി മൂന്നാം സ്ഥാനവും നേടി. അതിനിടെ, നീറ്റ് പരീക്ഷയിലെ മാർക്ക് തിരുത്താമെന്ന് വാഗ്ദാനം ചെയ്ത് പണം തട്ടിയ കേസിൽ മുംബൈയിൽ അറസ്റ്റിലായ രണ്ട് പേരുടെ

പോലീസ് കസ്റ്റഡി ജൂൺ 16 വരെ പ്രത്യേക സിബിഐ കോടതി നീട്ടി.

**&&&&&&&&&&&&&&&&&**

**HEAD LINE – 4**

**RAIN - 1**

കേരളത്തിൽ വ്യാപകമായി കനത്തമഴ തുടരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ശക്തമായ മഴയാണുണ്ടായത്. വ്യാപകമായ കൃഷിനാശവുമുണ്ടായി. കോഴിക്കോട് ജില്ലയിൽ ക്വാറികളുടെ പ്രവർത്തനം, മണ്ണെടുക്കൽ, ഖനനം, എന്നിവക്ക് നിരോധനം ഏർപെടുത്തി.അടുത്ത അഞ്ച് ദിവസത്തേക്ക് കൂടി മഴ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രവചനം. നാളെ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും ജൂൺ 16ന് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&&&&**

**SABARIMALA .....INTRO**

മിഥുനമാസ പൂജകൾക്കായി ശബരിമല നട തുറന്നു, വൈകിട്ട് സന്നിധാനത്തും പരിസരപ്രദേശങ്ങളിലും അതിശക്തമായ മഴയാണ് ലഭിച്ചത്.

വിശദ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി

ശ്രീജി എസ്. ശ്രീധർ

(വോയിസ്)

&&&&&&&&&&&&&&&&&

## BIHAR RAVISHANKAR DELEGATION

പഹൽഗാം ഭീകരാക്രമണം, ഓപറേഷൻ സിന്ദൂർ എന്നിവയിൽ ഇന്ത്യ ഒറ്റക്കെട്ടാണെന്ന് തെളിയിക്കാൻ ലോകരാജ്യങ്ങളിലേക്കുള്ള പാർലമെന്ററി സർവകക്ഷി സംഘത്തിന്റെ സന്ദർശനം ഉപകരിച്ചതായി മുതിർന്ന ബിജെപി നേതാവ് രവിശങ്കർ പ്രസാദ്. കക്ഷി രാഷ്ട്രീയത്തിന് അതീതമായി ഈ സംഘങ്ങൾക്ക് രൂപം നൽകാനുള്ള പ്രധാനമന്ത്രിയുടെ തീരുമാനം 140 കോടി ഇന്ത്യക്കാരുടെയും താല്പര്യത്തിനു അനുസൃതമായിരുന്നു. ഭീകരവാദം സംബന്ധിച്ച രാജ്യത്തിൻറെ ആശങ്കകളും, ഭീകര ആക്രമണങ്ങളിൽ നിന്നും പൗരന്മാരെ പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ അവകാശങ്ങളും ലോക വേദികളിൽ എത്തിക്കാൻ സംഘങ്ങൾക്ക് കഴിഞ്ഞതായും അദ്ദേഹം വിലയിരുത്തി.

&&&&&&&&&&&&&&&&&

## KENIA - DEATH

കെനിയയിലെ ബസ് അപകടത്തിൽ മരണപ്പെട്ട അഞ്ച് മലയാളികളുടെ മൃതദേഹങ്ങൾ നാളെ രാവിലെ നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിക്കും. കെനിയയിൽ നിന്നും ഇന്ത്യയിലേക്ക് പ്രവേശിക്കുന്നതിന് യെല്ലോ വാക്സിൻ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധനയിൽ കേന്ദ്രസർക്കാർ പ്രത്യേക ഇളവ്

അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മൃതദേഹങ്ങൾ നോർക്ക റൂട്ട്സ് ഏറ്റുവാങ്ങും. മരണപ്പെട്ടവരുടെ ബന്ധുക്കളും വിമാനത്തിൽ ഒപ്പമുണ്ടാകും. ഈ മാസം ഒൻപതിന് ആണ് വിനോദസഞ്ചാരത്തിനെത്തിയ 28 പേരടങ്ങുന്ന ഇന്ത്യൻസംഘം സഞ്ചരിച്ച ടൂറിസ്റ്റ് ബസ് അപകടത്തിൽ പെട്ടത്.

**&&&&&&&&&&&&&&&&&**

**HEAD LINE – 6**

**CRICKET**

ഐ സി സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീടം ദക്ഷിണാഫ്രിക്കയ്ക്ക്.27 വർഷത്തിനിടെ ദക്ഷിണാഫ്രിക്ക സ്വന്തമാക്കുന്ന ആദ്യ ഐസിസി കിരീടമാണിത്. നിലവിലെ ചാമ്പ്യന്മാരായ ഓസ്ട്രേലിയയെ അഞ്ച് വിക്കറ്റിന് തകർത്താണ് ദക്ഷിണാഫ്രിക്ക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് സ്വന്തമാക്കിയത്. 282 റൺസ് വിജയലക്ഷ്യം അഞ്ച് വിക്കറ്റ് നഷ്ടത്തിൽ മറികടക്കുകയായിരുന്നു. 136 റൺസ് നേടിയ എയ്ഡൻ മാർക്രമാണ് ദക്ഷിണാഫ്രിക്കയെ കിരീടത്തിലേക്ക് നയിച്ചത്. ക്യാപ്റ്റൻ തെംബ ബാവൂമ അർദ്ധ സെഞ്ചറി നേടി.

**&&&&&&&&&&&&&&&&&**

**JHARKHAND-IED BLAST**

ജാർഖണ്ഡിൽ, വെസ്റ്റ് സിംഗ്ഭും ജില്ലയിലെ ചൈബാസ വനമേഖലയിൽ നക്സൽ വേട്ടക്കിറങ്ങിയ സുരക്ഷാസംഘത്തിന് നേരെ ആക്രമണം. വിദൂരനിയന്ത്രിത ബോംബ് സ്ഫോടനത്തിൽ ഒരു സിആർപിഎഫ് ജവാൻ

മരിച്ചു. സംഭവത്തിന് പിന്നിൽ നക്സലുകളാണെന്ന് സംശയമുണ്ട്. നക്സലൈറ്റുകൾക്കെതിരെ ജാർഖണ്ഡ്, ഒഡീഷ അതിർത്തി പ്രദേശങ്ങളിൽ കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ഇരുസംസ്ഥാനങ്ങളിലെ പൊലീസും സിആർപിഎഫും സംയുക്തമായി തെരച്ചിൽ നടത്തി വരികയാണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&